**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഇടമലക്കുടി ആദിവാസി ഊരിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഇടമലക്കുടിയിൽ പനിബാധിതനായ പിഞ്ചു ബാലൻ ആശുപത്രിയിലേക്ക് കൊണ്ടു പോകുന്ന വഴിയിൽ മരണപ്പെട്ടതും മറ്റൊരു രോഗിയെ കാട്ടിലൂടെ ദണ്ഡുകെട്ടി ചുമന്ന് ആശുപത്രിയിൽ എത്തിക്കേണ്ടി വന്നതും സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ കൂടല്ലാർക്കുടി ഉന്നതിയിലെ മൂർത്തി-ഉഷ ദമ്പതികളുടെ 5 വയസുള്ള കുട്ടിക്ക് പനി, വയറിളക്കം, തലവേദന എന്നീ അസുഖങ്ങൾ കാരണം വീട്ടിൽ തന്നെ ചികിത്സയിലായിരുന്നു. എന്നാൽ അസുഖം കൂടിയതിനെ തുടർന്ന് മാങ്കുളം എന്ന സ്ഥലത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ച് താത്കാലിക ചികിത്സ നൽകിയിരുന്നു. അവിടെ നിന്നും രോഗം മൂർച്ഛിച്ചതിനാൽ സ്വകാര്യ ആശുപത്രിയിൽ നിന്നും അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴി കുട്ടി മരണപ്പെടുകയാണുണ്ടായത്. ഇടമലക്കുടിയിലെ അതീവ ദുർഘട പ്രദേശമായ കൂടല്ലാർക്കുടിയിലാണ് കുട്ടിയുടെ വീട്. സഞ്ചാരയോഗ്യമായ വഴിയും വാഹനസൗകര്യവും ഇല്ലാത്തതിനാലാണ് കാട്ടിലൂടെ ചുമന്നുകൊണ്ട് പോകേണ്ട സാഹചര്യം ഉണ്ടായത്. പനി ബാധിച്ച വയോധികയായ രോഗിയെ കാട്ടിലൂടെ ദണ്ഡുകെട്ടി ചുമന്ന് ആശുപത്രിയിൽ എത്തിക്കേണ്ട സാഹചര്യവും ഉണ്ടായിട്ടുണ്ട്. മേൽ വിഷയങ്ങളിൽ വകുപ്പ് ഗൗരവകരമായി ഇടപെടുകയും ഉന്നതികളിൽ ആരോഗ്യവകുപ്പുമായി ചേർന്നും, വകുപ്പിന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ഉൾപ്പെടുത്തിയും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇടമലക്കുടിയുടെ ആരോഗ്യസംരക്ഷണം നടപ്പാക്കുന്നതിന് ഷെഡുകുടിയിൽ പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിലേക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മാറ്റിയിട്ടുണ്ട്. ഇവിടെ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാണ്. കൂടാതെ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ്, പോഷകാഹാര ബോധവൽക്കരണ ക്ലാസുകൾ, സ്ക്രീനിംഗ് ടെസ്റ്റ്,** |

| | | | |
|---|---|---|---|
| | | | **ത്വക്ക് രോഗ ക്യാമ്പ്, രോഗനിർണയ ക്യാമ്പ് എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.** |
| (ബി) | ആദിവാസി ഊരിൽ നിന്നും അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് രോഗികളെ എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | **ഇടമലക്കുടിയിലെ വിവിധ പട്ടികവർഗ്ഗ ഊരുകളിൽ വാഹനസൗകര്യമുള്ള റോഡുകൾ എത്തിയിട്ടുള്ള പ്രദേശങ്ങളിൽ നിന്നും അടിമാലി താലൂക്ക് ആശുപത്രിയിൽ രോഗികളെ എത്തിക്കുന്നതിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടക വകുപ്പ് വഹിക്കുന്നുണ്ട്.** |
| (സി) | ഇടമലക്കുടി ആദിവാസി ഊരിലേക്ക് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ ആംബുലൻസ് സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | **ഇടമലക്കുടി പട്ടികവർഗ്ഗ പഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡ്ഡലിപ്പാറ വരെയുള്ള ആദ്യഘട്ടം റോഡ് കോൺക്രീറ്റിനായി 13.70 കോടി രൂപ വകയിരുത്തുകയും 12.43 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നിർദിഷ്ട റോഡിന്റെ 4.7 കി.മീ ദൂരം കോൺക്രീറ്റിംഗ് പ്രവൃത്തികൾ പുരോഗമിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വാഹനസൗകര്യമുള്ള റോഡുകൾ എത്തിയിട്ടുള്ള പ്രദേശങ്ങളിൽ നിന്നും അടിമാലി താലൂക്ക് ആശുപത്രിയിൽ രോഗികളെ എത്തിക്കുന്നതിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടക വകുപ്പ് വഹിക്കുന്നുണ്ട്.** |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ഇടമലക്കുടി ആദിവാസി ഊരിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ഡി) | **ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ഇടമലക്കുടി ആദിവാസി ഊരിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ഭക്ഷ്യ ധാന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഗോഡൗൺ നിർമ്മാണം (2023-24)

   വകയിരുത്തിയ തുക - 35,00,000/-

   ചെലവഴിച്ച തുക - 22,02,633/-

2. പെട്ടിമുടി-ഇഡലിപ്പാറ റോഡ് നിർമ്മാണം (2023-24)

   വകയിരുത്തിയ തുക - 13.70 കോടി രൂപ

   ചെലവഴിച്ച തുക - 12.43 കോടി രൂപ

3. ഇഡലിപ്പാറ-സൊസൈറ്റിക്കുടി റോഡ് നിർമ്മാണം (2023-24)

   വകയിരുത്തിയ തുക - 4.7 കോടി രൂപ

   ചെലവഴിച്ച തുക - 4.7 കോടി രൂപ

4. 58 വീട്ടുകളുടെ നവീകരണം - (2023-24)

   വകയിരുത്തിയ തുക - 99,87,500/- രൂപ

   ചെലവഴിച്ച തുക - 99,87,500/- രൂപ

സെക്ഷൻ ഓഫീസർ